527

4291
04/7/18

നം. സി.എ./ഇ.സി.-65/2018

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം: തീയതി ; 03.07.2018
ഫോൺ; 0471-2332635
e-mail:eckerala.exc@kerala.gov.in

# സർക്കുലർ

വിഷയം;- എക്സൈസ് എൻഫോഴ്സ്മെന്റ്- ഫീൽഡ് ഓഫീസുകളിലെ ക്രൈം രജിസ്റ്ററുകൾ കോടതികളിലെ രജിസ്റ്ററുമായി ഒത്തുനോക്കി റിപ്പോർട്ട് സമർപ്പിക്കുന്നത് -സംബന്ധിച്ച്.

എക്സൈസ് വകുപ്പിലെ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്ന ഫീൽഡ് ഓഫീസുകളിലെ ക്രൈം രജിസ്റ്ററുകൾ ഓരോ മൂന്ന് മാസം കൂടുമ്പോഴും ബന്ധപ്പെട്ട കോടതികളിൽ കൊണ്ടു പോകേണ്ടതും, കോടതി രജിസ്റ്ററുകളും, അനുബന്ധ രേഖകളുമായി ഒത്തു നോക്കി ക്രൈം കേസ്സുകളുടെ തീർച്ച റിപ്പോർട്ടുകൾ കോടതിയിൽ ലഭിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച് ഒരു സത്യവാങ്മൂലം ബന്ധപ്പെട്ട എക്സൈസ് ഇൻസ്പെക്ടർമാർ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്ക് ഏപ്രിൽ, ജൂലൈ, ഒക്ടോബർ, ജനുവരി മാസങ്ങളിൽ 15-ാം തീയതിക്കു മുമ്പായി നൽകേണ്ടതാണ്. CI/AEC/DC/JEC/ADDL. EC (ENF) എന്നീ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻമാർ ഫീൽഡ് ഓഫീസുകൾ സന്ദർശനം നടത്തുന്ന സമയങ്ങളിൽ ക്രൈം രജിസ്റ്റർ പരിശോധിച്ച് ടി നിർദ്ദേശം പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നിർദ്ദേശം അനുസരിക്കാത്ത ഉദ്യോഗസ്ഥർക്ക് എതിരായി വകുപ്പുതല നടപടി സ്വീകരിക്കുന്നതാണ്.

എക്സൈസ് കമ്മീഷണർ

അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
എല്ലാ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്കും
എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും
എല്ലാ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർക്കും
എല്ലാ എക്സൈസ് ഇൻസ്പെക്ടർമാർക്കും